# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2253

## 14-06-2019 ൽ മറുപടിക്ക്

## കിഫ്ബി കൈവരിച്ച നേട്ടം

| ചോദ്യം<br>ശ്രീ. എം. വിൻസെന്റ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) ലണ്ടൻ ഓഹരി വിപണിയിൽ ലിസ്റ്റ് ചെയ്യുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനതല സ്ഥാപനം എന്ന പദവി കിഫ്ബിക്ക് ലഭ്യമായിട്ടുണ്ടോ;<br>(ബി) സംസ്ഥാനത്തിന് വിഭവ സമാഹരണത്തിനുള്ള പുതിയ അവസരം ഇതിലൂടെ ലഭിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ;<br>(സി) കോർപ്പറേറ്റ് ഭരണത്തിന്റെയും ഫണ്ട് പരിപാലനത്തിന്റെയും ലോകോത്തര സമ്പ്രദായം സംസ്ഥാനത്ത് പകർത്തുവാനുള്ള അവസരം ഇതിലൂടെ കിഫ്ബിക്ക് ലഭിച്ചു എന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ? | വിദേശ കടപ്പത്ര വിപണിയിൽ പ്രവേശനം നേടുന്ന ഇന്ത്യയിൽ നിന്നുള്ള ആദ്യ സംസ്ഥാനതല സ്ഥാപനം എന്ന അപൂർവ്വ നേട്ടമാണ് കിഫ്ബി കരസ്ഥമാക്കിയത്. ഇന്ത്യയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ഇതുവരെ ഏർപ്പെട്ട മസാല ബോണ്ട് സമാഹരണത്തിൽ വച്ച് ഏറ്റവും വലിയ രണ്ടാമത്തെ ഉദ്യമമാണ് കിഫ്ബിയുടെ നേട്ടം. 2016 ൽ ഭാരതീയ റിസർവ് ബാങ്ക് മസാല ബോണ്ട് സമ്പ്രദായത്തിനു അനുമതി നല്കിയതിനുശേഷമുണ്ടായ ഏറ്റവും വലിയ മൂന്നാമത്തെ സമാഹരണമാണിത്. കൂടുതൽ സംസ്ഥാനങ്ങൾക്കും സ്ഥാപനങ്ങൾക്കും നൂതന ധനോപാധികൾ പരീക്ഷിച്ച് വിജയിക്കുവാനുള്ള ഒരു പ്രചോദനമായി മാറാൻ കിഫ്ബിയ്ക്ക് ഇതിലൂടെ സാധിച്ചു എന്നതിൽ സംശയമില്ല. അന്തർദേശീയ സാമ്പത്തിക മേഖലയിൽ പാലിച്ചുവരുന്ന നിലവാരങ്ങൾ കിഫ്ബിയ്ക്ക് അതിന്റെ പ്രവർത്തന മേഖലയിൽ അവലംബിക്കുവാൻ സാധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ